സംസ്ഥാനത്തിനുള്ള ജലം തടഞ്ഞ നടപടി

11 (*189) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് തമിഴ്നാട്ടിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന ജലം തമിഴ്നാട് ഗവൺമെന്റ് തടഞ്ഞിട്ടുണ്ടോ ;

(ബി) ഇതുകൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ പരിഹരിക്കുന്നതിനായി ജലം ലഭ്യമാക്കുന്നതിന് തമിഴ്നാട് ഗവൺമെന്റുമായി എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ-സി) ഈ വർഷം 12-02-2001-ൽ കേരളത്തിന് പറമ്പിക്കുളം അലിയാർ പദ്ധതി കരാർ പ്രകാരം മണക്കടവിൽ ലഭിക്കാൻ ബാക്കിയുണ്ടായിരുന്നത് വെറും 197 എം.സി. ഫീറ്റ് ജലം മാത്രമായിരുന്നു. ഈ ജലം സാധാരണയായി മാർച്ച് മാസത്തിൽ ചിറ്റൂരിലെ കൊങ്ങൻപട ഉത്സവത്തോടനുബന്ധിച്ചാണ് തരാറുള്ളത്. 12-2-2001-ന് വൈകുന്നേരം മുതൽ തമിഴ്നാടിൽനിന്നുള്ള ജലവിതരണം നിറുത്തിയതുമൂലം ചിറ്റൂർപുഴ പ്രദേശത്തെ കൃഷിക്ക് ആവശ്യമായ ജലം ലഭിക്കാതെവന്നു. ആയതിനാൽ ഒരു ടി.എം.സി. ജലം കേരളത്തിന് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 19-02-2001-ന് രാത്രി 8 മണി മുതൽ തമിഴ്നാട് ജലവിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇതിന് പ്രത്യേക കരാറൊന്നും ഉണ്ടാക്കിയിട്ടില്ല.

ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യം

12 (*190) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തി അവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടംവരെ ആയിയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly